**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 151** **01-02-2023 - ൽ മറുപടിയ്ക്ക്**

**രാജാക്കാട് കേന്ദ്രമാക്കി പുതിയ ഫയർ&റസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ രാജാക്കാട് കേന്ദ്രമാക്കി ഒരു ഫയർ&റസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | തത്വത്തിൽ അനുമതി നല്കിയിട്ടുണ്ട് |
| (ബി) | 18.02.2021 ലെ സർക്കാർ ഉത്തരവ് നമ്പർ(എംഎസ്)51/2021 പ്രകാരം അനുവദിച്ച ഈ ഫയർ സ്റ്റേഷന് ആവശ്യമായ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (സി) | ഗ്രാമപഞ്ചായത്ത് അടിസ്ഥാനസൗകര്യങ്ങൾ താത്കാലികമായി ഏർപ്പെടുത്തുന്ന പക്ഷം ഫയർ സ്റ്റേഷൻ അടിയന്തരമായി പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | Clause (B) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനായി ഓഫീസും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും രാജാക്കാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ശ്രീ.വി.എൻ.രവീന്ദ്രന്റെ ഉടമസ്ഥതയിലുള്ള 7/11 നമ്പർ കെട്ടിടം ഫയർ സ്റ്റേഷനായി സർക്കാർ നിശ്ചയിക്കുന്ന വാടക നിരക്കിൽ വിട്ട് നൽകാൻ തയ്യാറാണ് എന്ന സമ്മതപത്രം ടി വ്യക്തിയിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ